REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാം ഘട്ടത്തോടെ നാളെ വോട്ടെടുപ്പ് പ്രക്രിയ പൂർത്തിയാകും.
- പുലർച്ചെ അറസ്റ്റിലായ കർണാടക MP പ്രജ്വൽ രേവണ്ണയെ പ്രത്യേക അന്വേഷണ സംഘം ഇന്ന് ചോദ്യം ചെയ്യും.
- പീരുമേട് നിയമസഭാ തിരഞ്ഞെടുപ്പു കേസിൽ വാഴൂർ സോമന്റെ വിജയം ചോദ്യം ചെയ്ത് നൽകിയ ഹർജി ഹൈക്കോടതി തള്ളി.
- എലിപ്പനിയടക്കം പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ്.
- സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- 70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 10 ന് പുന്നമടക്കായലിൽ നടത്താൻ തീരുമാനം.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാം ഘട്ടത്തോടെ നാളെ വോട്ടെടുപ്പ് പ്രക്രിയ പൂർത്തിയാകും. ഏഴ് സംസ്ഥാനങ്ങളിലെ 56 മണ്ഡലങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ചണ്ഡിഗഢിലുമാണ് നാളെ വോട്ടെടുപ്പ്.

ഉത്തർപ്രദേശിലും, പഞ്ചാബിലും 13 വീതം സീറ്റുകളിലും, പശ്ചിമബംഗാളിൽ ഒൻപത് സീറ്റിലും, ബിഹാറിൽ എട്ടിടത്തും, ഒഡീഷയിൽ ആറിടത്തും വോട്ടെടുപ്പ് നടക്കും. ഹിമാചലിൽ നാല് മണ്ഡലങ്ങളിലും, ഝാർഖണ്ഡിൽ മൂന്നിടത്തും, ചണ്ഡിഗഢിൽ

ഒരിടത്തുമാണ് അവസാനഘട്ടത്തിൽ വോട്ടെടുപ്പ്. ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിവസമാണ്.

നാളെ രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറു വരെ നീളും. എല്ലാ മണ്ഡലങ്ങളിലും ജൂൺ നാലിനാണ് വോട്ടെണ്ണൽ.

പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത്ഷാ, സ്മൃതി ഇറാനി, അനുരാഗ് സിംഗ് ഠാക്കൂർ, കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി എന്നിവരടക്കം പ്രമുഖർ മത്സരരംഗത്തുണ്ട്.

✪✪✪

സംസ്ഥാനത്ത് നാളെയും വോട്ടെണ്ണൽ ദിനമായ നാലിനും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തി. മാസാദ്യ സ്ഥിരം ഡ്രൈ ഡേക്ക് പുറമെ വോട്ടെണ്ണൽ പരിഗണിച്ചാണ് ഒരു ദിവസം കൂടി ഡ്രൈ ഡേ ആക്കിയത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിലെ ആഹ്ലാദ പ്രകടനങ്ങൾ തികച്ചും സമാധാനപരമായി നടത്താൻ കണ്ണൂർ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർത്ഥികളുടെയും യോഗം തീരുമാനിച്ചു. അനിഷ്ട സംഭവങ്ങൾ ഉണ്ടാവാതിരിക്കാൻ പൊലീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ഇതിനോട് രാഷ്ട്രീയ പാർട്ടികൾ സഹകരിക്കണമെന്ന് കലക്ടർ അഭ്യർത്ഥിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ ഏകാന്ത ധ്യാനം തുടരുകയാണ്. ഇന്നലെ വൈകിട്ട് ആരംഭിച്ച ധ്യാനം നാളെ ഉച്ചകഴിഞ്ഞായിരിക്കും സമാപിക്കുന്നത്. ഇന്നലെ ഭഗവതി അമ്മൻ ക്ഷേത്രത്തിലെത്തിയ നരേന്ദ്രമോദിയെ പൂർണകുംഭം നൽകി എതിരേറ്റു. വിവേകാനന്ദപ്പാറയ്ക്കു സമീപത്തെ തിരുവള്ളുവർ പ്രതിമയിൽ പുഷ്പങ്ങളർപ്പിച്ചശേഷമാണ് അദ്ദേഹം ധ്യാനമാരംഭിച്ചത്. നാളെ വൈകിട്ട് ഹെലികോപ്ടറിൽ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ ശേഷം പ്രധാനമന്ത്രി ഡൽഹിയ്ക്ക് മടങ്ങും.

✪✪✪

ഇന്ന് പുലർച്ചെ ബംഗലൂരു കെംപഗൗഡ വിമാനത്താവളത്തിൽ നിന്ന് അറസ്റ്റിലായ ജനതാദൾ എസ് MP പ്രജ്വൽ രേവണ്ണയെ പ്രത്യേക

അന്വേഷണ സംഘം ഇന്ന് ചോദ്യം ചെയ്യും. ജർമ്മനിയിലെ മ്യൂണിക്കിൽ നിന്ന് ലുഫ്താൻസ വിമാനത്തിലെത്തിയ ഉടൻ കർണാടക ഹസനിലെ MP യെ അറസ്റ്റു ചെയ്യുകയായിരുന്നു. വീട്ടുജോലിക്കാരിയെ ലൈംഗികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന പരാതിയിലാണ് അറസ്റ്റ്. ഇന്റർപോളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പൊലീസ് നടപടി.

ബംഗലൂരുവിലെ ബൗറിംഗ് ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്കു ശേഷം പ്രത്യേക അന്വേഷണ സംഘം പ്രജ്വലിനെ ചോദ്യംചെയ്യുമെന്നാണ് വിവരം. ഹസനിലെ വസതിയിലും ഓഫീസിലും എത്തിച്ചായിരിക്കും തെളിവെടുപ്പ്. ഇതിനുശേഷം പ്രജ്വലിനെ കോടതിയിൽ ഹാജരാക്കും. മുൻപ്രധാനമന്ത്രി HD ദേവഗൗഡയുടെ ചെറുമകൻ കൂടിയായ പ്രജ്വൽ കഴിഞ്ഞ മാസം 27 നാണ് വിദേശത്തേക്ക് കടന്നത്.

✪✪✪

നടപ്പു സാമ്പത്തിക വർഷം രാജ്യത്തിന്റെ GDP വളർച്ച ഏഴ് ശതമാനമായിരിക്കുമെന്ന് റിസർവ് ബാങ്ക് അറിയിച്ചു. 2024 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചതായും റിസർവ് ബാങ്ക് പുറത്തിറക്കിയ വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കി. രാജ്യത്തെ യഥാർത്ഥ ജിഡിപി വളർച്ച മുൻ വർഷത്തെ 7 ശതമാനത്തിൽ നിന്ന് 7.6 ശതമാനമായി ഉയർന്നെന്നും റിസർവ് ബാങ്ക് റിപ്പോർട്ടിൽ പറയുന്നു.

✪✪✪

വിരമിക്കുന്ന കേന്ദ്രഗവൺമെന്റ് ജീവനക്കാരുടെ ഗ്രാറ്റുവിറ്റിയും മരണാനന്തര ഗ്രാറ്റുവിറ്റിയും 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. നിലവിൽ ഇത് 20 ലക്ഷം രൂപയായിരുന്നു. വർദ്ധന സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് കേന്ദ്ര പേഴ്സണൽ മന്ത്രാലയം പുറത്തിറക്കി. ഈ വർഷം ജനുവരി ഒന്നു മുതൽ പുതിയ ഗ്രാറ്റുവിറ്റിയ്ക്ക് പ്രാബല്യമുണ്ട്.

✪✪✪

സംസ്ഥാനത്ത് പതിനാറായിരത്തോളം ഗവൺമെന്റ് ജീവനക്കാർ ഇന്ന് സർവീസിൽ നിന്നും വിരമിക്കുന്നു. ഇവരിൽ പകുതിയോളം അധ്യാപകരാണ്. സെക്രട്ടറിയേറ്റിൽ നിന്ന് അഞ്ച് സ്പെഷ്യൽ സെക്രട്ടറിമാർ അടക്കം 15 പേർ വിരമിക്കും. പൊലീസ് സേനയിൽ നിന്ന് എണ്ണൂറോളം പേരാണ് വിരമിക്കുന്നത്. KSRTC യിൽ നിന്ന്

ഡ്രൈവർമാരും കണ്ടക്ടർമാരും ഉൾപ്പെടെ 700 ഓളം പേരും, KSEB യിൽ നിന്ന് ആയിരത്തി പത്ത് പേരും ഇന്ന് വിരമിക്കും.

✪✪✪

ഇന്ന് ലോക പുകയില വിരുദ്ധ ദിനം. ലോകാരോഗ്യ സംഘടന 1988 മുതലാണ് എല്ലാ വർഷവും മെയ് 31 പുകയില വിരുദ്ധ ദിനമായി ആചരിച്ചു തുടങ്ങിയത്. ചെറുപ്പക്കാരിലെ പുകയില ഉപയോഗം തടയുകയാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ ലക്ഷ്യം.

പുകിയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ എലിപ്പനിയടക്കം പകർച്ചവ്യാധികൾക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് മന്ത്രി വീണാ ജോർജ് മുന്നറിയിപ്പു നൽകി. പലയിടത്തും വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതിനാൽ എലിപ്പനിയ്ക്കെതിരെ പ്രത്യേക ജാഗ്രത ആവശ്യമാണെന്നും തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ മന്ത്രി പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ യോഗത്തിൽ അവലോകനം ചെയ്തു. രോഗ നിയന്ത്രണത്തിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തവും ഉറപ്പു വരുത്തണം. ജില്ലാതലത്തിൽ ഒരാശുപത്രിയിലെങ്കിലും രാത്രി എട്ടു വരെ പ്രത്യേക പനി ക്ലിനിക് പ്രവർത്തിക്കണം. കൺട്രോൾ റൂമുകൾ ഇല്ലാത്ത ജില്ലകളിൽ അടിയന്തരമായി അവ തുറക്കാനും വീണാ ജോർജ് നിർദ്ദേശം നൽകി. മഞ്ഞപ്പിത്തവ്യാപനം നിയന്ത്രിക്കാൻ കിണറുകളടക്കം ജലസ്രോതസ്സുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യാനും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് കാലവർഷം എത്തിയതിന് പിന്നാലെ ചക്രവാതചുഴിയും രൂപപ്പെട്ട സാഹചര്യത്തിൽ അടുത്ത ദിവസങ്ങളിൽ സംസ്ഥാനത്ത് മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, കൊല്ലം ഒഴികെ 12 ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടാണ്. കേരള തീരത്ത് ഇന്ന് രാത്രി ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന

ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

വടക്കൻ കേരളത്തിൽ ചിലയിടങ്ങളിൽ മഴയുണ്ടെങ്കിലും കാലവർഷം ഇനിയും ശക്തമായിട്ടില്ലെന്നാണ് റിപ്പോർട്ട്.

✪✪✪

കൊച്ചി ഇടപ്പള്ളി ഭാഗത്ത് കഴിഞ്ഞദിവസം ഉണ്ടായ വെള്ളക്കെട്ടിന്റെ പശ്ചാത്തലത്തിൽ ഇടപ്പള്ളി തോട്ടിലെ പായലും ചെളിയും അടിയന്തരമായി നീക്കം ചെയ്യുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. ഇതിന്റെ പ്രവർത്തനങ്ങൾ ഇന്ന് ആരംഭിക്കുമെന്ന് അദ്ദേഹം കൊച്ചിയിൽ പറഞ്ഞു. ഇടപ്പള്ളി , കളമശേരി മൂലേപ്പാടം പ്രദേശങ്ങൾ മന്ത്രി നേരിൽ കണ്ടു.

അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റിയും, മാലിന്യങ്ങൾ വലിച്ചെറിയുന്ന മനോഭാവത്തിൽ മാറ്റം വരുത്തിയും സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

കാസർഗോഡ് നീലേശ്വരത്ത് നിന്ന് ബോട്ടുവാങ്ങി നാട്ടിലേക്ക് മടങ്ങവേ കടലിൽ അകപ്പെട്ട മലപ്പുറം സ്വദേശികളായ രണ്ട് യുവാക്കളെ തലശ്ശേരി തീരദേശ പോലീസ് രക്ഷപ്പെടുത്തി. എൻജിൻ തകരാറിനെ തുടർന്ന് കടലിൽ കുടുങ്ങിയ നൗഫൽ, ജലാൽ എന്നിവരെയാണ് പുലർച്ചെ ഒരു മണിയോടെ രക്ഷിച്ച് കരക്കെത്തിച്ചത്.

ഇന്നലെ രാവിലെ 11 യോടെയാണ് ഇവർ കടലിൽ കുടുങ്ങിയത്.

✪✪✪

കൊല്ലം ജില്ലയിൽ കല്ലടയാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായ പിറവന്തൂരിലെ വത്സല, ആദിച്ചനല്ലൂരിലെ രാജശേഖരൻ നായർ എന്നിവർക്കായി തെരച്ചിൽ തുടരുകയാണ്. ജില്ലയിൽ ആകെ 15 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 636 കുടുംബങ്ങളിലെ 1,859 പേരുണ്ട്.

✪✪✪

സംസ്ഥാന നിയമ പരിഷ്ക്കരണ കമ്മീഷനംഗം ലിസമ്മ അഗസ്റ്റിൻ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ നിര്യാതയായി- 74 വയസ്സായിരുന്നു. മുൻ MP ഡോ. സെബാസ്റ്റ്യൻ പോളിന്റെ ഭാര്യയാണ്.

1985 ൽ കാസർകോട് മുൻസിഫ് ആയി ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ച ലിസമ്മ, സബ്ജഡ്ജി, ജില്ലാ ജഡ്ജി, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ, നിയമവകുപ്പ് ജോയന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഫോർഗെറ്റൻ വിക്ടിം എന്ന പുസ്തകത്തിന്റെ രചയിതാവാണ് ലിസമ്മ .

✪✪✪

മീൻപിടുത്തത്തിനിടെ തോണിയിൽ നിന്നും വീണ് പരുക്കേറ്റ് ചികിൽസയിലായിരുന്ന തൊഴിലാളി മരിച്ചു. വടകര മടപ്പള്ളിയിൽ നിന്ന് കടലിൽ പോയ സജീഷ് പുതിയോട്ടിൽ ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് കോവൂർ ഇരിങ്ങാടൻ പള്ളിക്ക് സമീപം വാഹനപകടത്തിൽ ഡോക്ടർ മരിച്ചു. ബൈക്ക് യാത്രികനായ ഗോവിന്ദപുരം സ്വദേശി ശ്രാവണാണ് മരിച്ചത്.

✪✪✪

അട്ടപ്പാടിയിൽ അരിവാൾ രോഗം ബാധിച്ച് യുവതി മരിച്ചു. താവളം കൊല്ലങ്കടവ് ഊരിലെ വള്ളിയാണ് മരിച്ചത്.

✪✪✪

കോഴിക്കോട് ചാത്തമംഗലത്ത് ഒരു കുടുംബത്തിലെ നാല് പേർക്ക് ഭക്ഷ്യ വിഷബാധയേറ്റു. ഇവരെ മണാശ്ശേരിയിലെ സ്വകാര്യ മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിച്ചു. ഒരു കുട്ടി തീവ്രപരിചരണ വിഭാഗത്തിലാണെന്നും ആരോഗ്യനില മെച്ചപ്പെടുന്നതായും അധികൃതർ പറഞ്ഞു.

✪✪✪

70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഓഗസ്റ്റ് 10 ന് പുന്നമടക്കായലിൽ നടത്താൻ തീരുമാനിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഇന്നലെ ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് തീരുമാനമായത്.

✪✪✪

വാഹനങ്ങൾ ശ്രദ്ധയോടെ ഓടിക്കണമെന്നും അമിതവേഗം പാടില്ലെന്നും KSRTC ഡ്രൈവർമാർക്ക് മന്ത്രി K.B ഗണേഷ്കുമാർ നിർദേശം നൽകി.

മൽസരയോട്ടം പാടില്ലെന്നും ഫോൺ ഉപയോഗിച്ച് വാഹനമോടിച്ചാൽ കർശന നടപടിയുണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങുകളിൽ ഒന്നായ ഇളനീരാട്ടം ഇന്നലെ അർദ്ധരാത്രിയോടെ ആരംഭിച്ചു . അഭിഷേകം ചെയ്ത ഇളന്നീർതൊണ്ട് ഭക്തർക്ക് പ്രസാദമായി നൽകി. രണ്ടാമത്തെ ആരാധനയായ അഷ്ടമി ആരാധനയും ഇന്നലെ നടന്നു. ഞായറാഴ്ചയാണ് രേവതി ആരാധന.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ആദ്യ ഹജ്ജ് യാത്രാ വിമാനം നാളെ പുലർച്ചെ ജിദ്ദയിലേക്ക് പുറപ്പെടും. വിമാനത്താവളത്തിലെ ഹജ്ജ് ക്യാമ്പ് വൈകിട്ട് ഉദ്ഘാടനം ചെയ്യും.

ഹജ്ജ് എമ്പാർക്കേഷൻ പോയിൻറ് വഴി യാത്ര ചെയ്യുന്നതിനായി ഹാജിമാർ കണ്ണൂർ വിമാന താവളത്തിൽ എത്തി തുടങ്ങി. രാവിലെ സ്വാഗത സംഘവും ഹജ്ജ് കമ്മിറ്റി ഭാരവാഹികളും, എയർ പോർട്ട് അധികൃതരും ചേർന്ന് ഹാജിമാരെ സ്വീകരിച്ചു.

✪✪✪

കുടുംബശ്രീ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന അരങ്ങ് കോഴിക്കോട് ജില്ലാതല കലോത്സവം നടക്കാവ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ തുടങ്ങി. കലോത്സവം സമാപനം നാളെ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്യും.

ഒപ്പന, തിരുവാതിര, നാടോടി നൃത്തം, സംഘനൃത്തം, നാടകം, മാപ്പിളപാട്ട്, കവിത, നാടൻപാട്ട് തുടങ്ങിയ ഇനങ്ങളിലായി ജില്ലയിലെ നാല് ക്ലസ്റ്ററുകളിൽ നിന്ന് വിജയിച്ച സിഡിഎസുകൾ കലോത്സവത്തിൽ മാറ്റുരക്കും.

✪✪✪